## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 859      30.10.2019-ൽ മറുപടിക്ക്

## തരിശു ഭൂമിയിൽ കൃഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ ആദിവാസികൾക്ക് തരിശുകിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷി നടത്താനുതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ)<br>&<br>ബി) | പട്ടികവർഗ്ഗക്കാരുടെ തരിശു കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷിയെ പ്രോത്സാഹിപ്പിച്ച് സുസ്ഥിര വരുമാനദായക സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വെച്ച് 2019-20 -ൽ വരുമാനദായക കാർഷിക ഉദ്യമം എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നു വരുന്നു. കൂടാതെ പട്ടികവർഗ്ഗക്കാർ കൂടുതൽ പണി എടുക്കുന്ന ഫാമുകളുടെ നവീകരണവും ടി പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു.<br><br>പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനുമായി 2017 മുതൽ 2020 വരെയുള്ള 3 വർഷകാലയളവിലേയ്ക്ക് മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേർന്ന് അട്ടപ്പാടി മേഖലയിൽ അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലായി നടപ്പിലാക്കുന്നു.<br><br>പരമ്പരാഗത വിളകളായ റാഗി, ചോളം, തിന, ചാമ എന്നിവയും മുതിര, തുവര, അമര മുതലായ പയർ വർഗ്ഗങ്ങളും, പച്ചക്കറികളും കൃഷി ചെയ്യുന്നു. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാം വിളവ് നടപ്പിലാക്കി വരുന്നു. ചെറുധാന്യങ്ങൾ വിവിധ |
| ബി) | ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം ആദിവാസി മേഖലകളിലാണ് പദ്ധതി നടപ്പിലാക്കിയത്; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഊരുകളിൽ നിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| സി) | കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നീക്കിവച്ചത്; അറിയിക്കാമോ; | സി) | 2017 മുതൽ 2020 വരെയുള്ള 3 വർഷകാലയളവിലേയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേർന്ന് മില്ലെറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായ 231.99 ലക്ഷം രൂപ കോർപ്പസ് ഫണ്ട് എന്ന പദ്ധതിയിൽ നിന്നും അനുവദിച്ചു. |
| ഡി) | ഈ പദ്ധതി തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ആദിവാസികൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) | ടി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ മുഴുവൻ കൈവശഭൂമിയിൽ കൃഷി പ്രോത്സാഹിച്ച് ജീവനോപാധി പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ചാണ് 2019-20 വരുമാന ദായക കാർഷിക ഉദ്യമം എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. കൂടാതെ ആദിവാസികൾക്ക് വനാവകാശ നിയമ പ്രകാരം കൈവശ രേഖ (ROR) നൽകുന്നതിലൂടെയും നിക്ഷിപ്ത വനഭൂമി വിതരണത്തിലൂടെയും, ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതികളിലൂടെയും ഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**